# അന്യോന്യം സ്നേഹിപ്പീൻ

1 യോഹന്നാൻ 4:21

“ ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം..”

ദൈവത്തിന്റെ അനന്തവും, ആഴവും, മാധുര്യമേറിയതുമായ സ്നേഹത്തെക്കുറിച്ചു നമ്മെ പ്രബോധിപ്പിക്കുന്ന ഒരു ലേഖനമാണ് യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം. അത് ഒരുപക്ഷെ, താൻ കർത്താവിന്റെ മാറോട് ചേർന്നു നിന്നിരുന്ന ഒരു ശിഷ്യനായതു കൊണ്ടായിരിക്കണം; ഇത്രയേറെ ആ സ്നേഹത്തിന്റെ ഒരു പ്രതിഫലനം തന്റെ ലേഖനത്തിൽ കടന്നു വരാൻ കാരണമായത് എന്നു വേണമെങ്കിൽ പറയാം. ‘ദൈവം സ്നേഹം തന്നേ’ എന്ന് ഈ അദ്ധ്യായത്തിന്റെ വാക്യം 16 ൽ പറയുന്നുണ്ട്. ആ സ്നേഹവാനായ ദൈവത്തെ വ്യക്തിപരമായി അറിയുകയും മനസ്സിലാക്കുകയും, അവനോടൊപ്പം അവന്റെ ശുശ്രൂഷകളിൽ പങ്കെടുക്കുകയും, ഒടുവിൽ മറ്റെല്ലാവരും അവനെ തള്ളിക്കളഞ്ഞ് ഓടി മറഞ്ഞപ്പോഴും, അവന്റെ ക്രൂശിന്റെ ചുവട്ടിൽ ആ സ്നേഹത്തിന്റെ പ്രതിഫലനം എന്നോണം നമുക്ക് യോഹന്നാനെ കാണുവാൻ കഴിയും. അങ്ങനെയുള്ള ഒരുവൻ തന്റെ ലേഖനത്തിൽ വിളിച്ചു പറയുകയാണ്, ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ, തന്റെ ജീവിതകാലം മുഴുവൻ തന്റെ സഹോദരന്മാരെയും സ്നേഹിക്കണം എന്ന്.

ആലോചിക്കുമ്പോൾ അൽപം പ്രയാസമുള്ള കാര്യമായി നമുക്ക് തോന്നിയേക്കാം അല്ലെ. നമ്മുടെ കൺമുമ്പിൽ കാണുന്ന സഹോദരന്മാരെ നമ്മുടേതായ, വ്യക്തിപരമായ ചില മാനദണ്ഡങ്ങൾ ഉപയോഗിച്ച് അളക്കുകയും, അതിനനുസരിച്ച് അവരെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യുവാൻ പഠിപ്പിക്കുന്ന ഒരു ലോകം, ഒരുപക്ഷെ നാമും ആ വ്യവസ്ഥിതിയിൽ അകപ്പെട്ടു പോയേക്കാം. അവിടെയാണ് യോഹന്നാൻ പറയുന്ന മറ്റൊരു കാര്യം വളരെ പ്രസക്തമാകുന്നത്. ‘താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല.’ അതെ പ്രിയരെ, നമ്മുടെ കൺമുമ്പിൽ ദിനവും കാണുന്ന സഹോദരനെ നാം മേൽ പറഞ്ഞ മാനദണ്ഡവ്യവസ്ഥിതിയിൽ ആണ് സ്നേഹിക്കുന്നതെങ്കിൽ, ദൈവത്തെയും നാം ചില മാനദണ്ഡങ്ങൾ നോക്കിയായിരിക്കും സ്നേഹിക്കുക. അത് ചിലപ്പോൾ നമ്മുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേറുന്നതിന്റെ അടിസ്ഥനത്തിലായിക്കൂടെന്നില്ല. അതു തന്നെയാണ് കർത്താവായ ക്രിസ്തുവിനോട് തന്റെ സ്വന്ത ജനവും ചെയ്തത്. അത്ഭുതങ്ങളും അടയാളങ്ങളും അപ്പവും മീനും എല്ലാം ലഭിച്ചപ്പോൾ അവൻ അവർക്ക്

പ്രിയപ്പെട്ടവനായിരുന്നു. എന്നാൽ യാഥാർത്ഥ്യം മനസ്സിലാക്കാതെ അവർ അവനെ തള്ളിക്കളഞ്ഞു.

പ്രിയ ദൈവപൈതലെ, നമ്മുടെ ജീവിതത്തിലേക്കൊന്നു കണ്ണോടിച്ചു നോക്കിയാൽ, നാമും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തരായിരിക്കില്ല. നമുക്ക് ലഭിച്ചിരിക്കുന്ന നമ്മുടെ സ്വന്ത സഹോദരങ്ങളെ, നമ്മുടെ കൂട്ടായ്മ സഹോദരങ്ങളെ, നമ്മുടെ സുഹൃത്തുക്കളെ, നമ്മോടൊപ്പം തൊഴിൽ മേഖലയിൽ ആയിരിക്കുന്നവരെ ഏവരേയും, നമുക്ക് യാതൊരു മാനദണ്ഡവും നോക്കാതെ സ്നേഹിക്കാൻ കഴിയുന്നുണ്ടോ? റോമാ ലേഖനത്തിൽ പൗലോസ് ഇപ്രകാരം പറയുന്നുണ്ട് 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു' (റോമർ 5:6). ക്രിസ്തു നമുക്ക് വേണ്ടി മരിക്കുമ്പോൾ നാം ഏത് അവസ്ഥയിലായിരുന്നു എന്ന് ഓരോ നിമിഷവും നാം ചിന്തിക്കേണ്ടതുണ്ട്. ആ ബോധ്യം നമ്മുടെ ജീവിതത്തിൽ നിന്നു മാറിപ്പോയാൽ പിന്നെ നാം ഏവരേയും മാനദണ്ഡവ്യവസ്ഥിതിയിൽ ആയിരിക്കും നോക്കിക്കാണുന്നത്. ആയതിനാൽ 'സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല' എന്നു പറഞ്ഞവനായ കർത്താവിന്റെ കൽപനയെ നിറവേറ്റുന്നവരായി നമുക്ക് തീരാം. ഒരുനാളും ആ കർത്തന്റെ മാറിൽ നിന്ന് അടർന്നു പോവാതെ ആ മാറോട് ചേർന്നിരിക്കാം. അവൻ നമ്മെ സ്നേഹിച്ചതുപോലെ നമുക്ക് അന്യോന്യം സ്നേഹിക്കാം. അതിന്നായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

യോഹന്നാൻ 14:23

എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും

**ബ്രദർ. ബിനു ബേബി ആലപ്പുഴ 155**